തയ്യാറാക്കി ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി സാമ്പത്തികസഹായം നേടിയെടുക്കാനായി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കത്തക്കവിധത്തിലുള്ള ഒരു പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ട്.

52 (2362) പോലീസ് ക്വാർട്ടേഴ്സ് അനുവദിക്കാൻ നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വികാസ്ഭവന് സമീപമുള്ള പോലീസ് ക്വാർട്ടേഴ്സിൽ പുതിയതായി നിർമ്മിച്ചതും ഇനിയും ആവശ്യക്കാർക്ക് അലോട്ട് ചെയ്യാത്തതുമായ 32 വീടുകൾ എത്രയും വേഗം അർഹരായ പോലീസുകാർക്ക് നൽകുവാൻവേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) പോലീസ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്ന അധികാരിയായ തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർ, അപേക്ഷകരുടെ സീനിയോറിറ്റി ലിസ്റ്റ് പരമരഹസ്യമായി സൂക്ഷിയ്ക്കേണ്ടതുണ്ടോ;

(സി) ഇക്കാര്യത്തിൽ സുതാര്യത പുലർത്തുവാനും വർഷംതോറും ലിസ്റ്റ് പ്രസിദ്ധീകരിക്കുവാനും നിർദ്ദേശിക്കുമോ;

(ഡി) സീനിയോറിറ്റി ലിസ്റ്റ് മറികടക്കാതെതന്നെ ക്വാർട്ടേഴ്സുകൾ അർഹരും അനുയോജ്യരും ആയ പോലീസ് കോൺസ്റ്റബിൾമാർക്ക് ലഭിക്കുവാൻവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതിലേയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് 1996-ൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് എല്ലാ യൂണിറ്റുകളിലും പ്രസിദ്ധീകരണത്തിന് നൽകിയിട്ടുണ്ട്.

(സി) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അപേക്ഷകരുടെ സീനിയോറിറ്റി അനുസരിച്ച് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

53 (2363) സി.ഐ.മാരുടെ വേക്കൻസികൾ

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സി.ഐ. മാരുടെ എത്ര വേക്കൻസികളാണുള്ളത്;

(ബി) ഇവ നികത്തുന്നതിന് എന്തു നടപടി സ്വീകരിച്ചു;

(സി) എസ്.ഐ.മാർക്ക് പ്രൊമോഷൻ നൽകുന്നതിനുവേണ്ടി ഡി.പി.സി. കൂടുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് കൂടുവാനാണ് തീരുമാനിച്ചിരിക്കുന്നത്;

(ഡി) ഡി.പി.സി. കൂട്ടുവാൻ തീരുമാനിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി ഡി.പി.സി. കൂട്ടുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പത്ത്.

(ബി)(സി)&(ഡി) എസ്.ഐ.മാരെ സി.ഐ.മാരായി പ്രൊമോട്ട് ചെയ്യുന്നത് ഡി.പി.സി. ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ്. ഇപ്പോൾ ഡി.പി.സി. ലിസ്റ്റ് നിലവിലില്ല. പുതിയ ലിസ്റ്റ് തയ്യാറാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

54 (2364) **ഐ.എ.എസ്./ഐ.പി.എസ്. കൺഫർ ചെയ്യുന്നതിനുള്ള മാനദണ്ഡം**

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥരെ ഐ.എ.എസ്./ഐ.പി.എസ്. കൺഫർ ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) ഇതു സംബന്ധിച്ചു കഴിഞ്ഞ 10 വർഷങ്ങളിൽ എത്ര പരാതികൾ ഗവൺമെന്റിനു ലഭിച്ചിട്ടുണ്ട്; ഈ പരാതികളിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) അർഹത ഉണ്ടായിരുന്നിട്ടും ഐ.എ.എസ്., ഐ.പി.എസ്. ലേയ്ക്ക് കൺഫർ ചെയ്യപ്പെടാതെ സർവ്വീസിൽനിന്ന് പരിഞ്ഞുപോയിട്ടുള്ളവരുടെ പരാതികൾ പരിഗണിക്കാറുണ്ടോ;

(ഡി) ഐ.എ.എസ്., ഐ.പി.എസ്. കൺഫർ ചെയ്യപ്പെടാതെ സർവ്വീസിൽനിന്നും പിരിഞ്ഞുപോയവർ പേരിനോടൊപ്പം ഐ.എ.എസ്., ഐ.പി.എസ്. എന്ന് ഉപയോഗിക്കുന്നുണ്ടെങ്കിൽ അതു കുറ്റകരമാണോ;

(ഇ) ഇത്തരം സംഭവങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (അപ്പോയിന്റ്മെന്റ് ബൈ പ്രൊമോഷൻ) റഗുലേഷൻസ് ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (അപ്പോയിന്റ്മെന്റ് ബൈ സെലക്ഷൻ) റഗുലേഷൻസ്, ഇന്ത്യൻ പോലീസ് സർവ്വീസ് (അപ്പോയിന്റ്മെന്റ് ബൈ പ്രൊമോഷൻ) റഗുലേഷൻസ് എന്നിവയുടെ ചട്ടങ്ങൾ അനുസരിച്ചാണ് സംസ്ഥാന ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ ഐ.എ.എസ്., ഐ.പി.എസ്. കൺഫർ ചെയ്യുന്നത്.

(ബി) ഇതു സംബന്ധിച്ച വിവരം പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

(സി) അർഹതയുള്ളവരെ സെലക്ഷൻ കമ്മിറ്റിയുടെ തീരുമാനമനുസരിച്ചും ചട്ടങ്ങൾക്ക് വിധേയമായും നിയമനങ്ങൾ നൽകിയിട്ടുണ്ട്.

(ഡി)&(ഇ) ഇതു സംബന്ധിച്ച പരാതികളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly